# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മധൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി6/285/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 25/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മധൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മധൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മധൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി6/285/2022 തീയ്യതി: 25/03/2022

## കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 16-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 16-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺ ദേവ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| മാലതി സുരേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എ.ആർ.പ്രശാന്ത് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കൃഷ്ണകമാർ എം.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ആർ.ജിഷി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ബിന്ദു ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| രമാ ദേവി വി.എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| അനന്തകൃഷ്ണ .എം | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| ഡോ.സീന വി.ബി | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.സന്ധ്യ.എം.എൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ. ഷബ്ന. പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ആശ മേരി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| അഞ്ജുഎസ്.നായർ | വി.ഇ.ഒ മധൂർ സർക്കിൾ | 01-04-2019 | 07-05-2019 |
| മകേഷ്.വി.എം | വി.ഇ.ഒ മധൂർ സർക്കിൾ-ഇൻ-ചാർജ്ജ് | 08-05-2019 | 30-09-2019 |
| രവികുമാർ | വി.ഇ.ഒ മധൂർ സർക്കിൾ | 01-10-2019 | 31-03-2020 |
| മകേഷ്.വി.എം | വി.ഇ.ഒ ഉളിയത്തടുക്ക സർക്കിൾ | 01-04-2019 | 30-09-2019 |
| രവികുമാർ | വി.ഇ.ഒ ഉളിയത്തടുക്ക സർക്കിൾ-ഇൻ-ചാർജ്ജ് | 01-10-2019 | 08-12-2019 |
| പ്രവീൺ കുമാർ | വി.ഇ.ഒ ഉളിയത്തടുക്ക സർക്കിൾ | 09-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 20-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: Arun Dev V.R (Senior Grade Auditor, On 19-03-2022) | 1-2 |
| 3 | ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് തുക - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-1 |
| 4 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-2 |
| 5 | ജി.എസ്.റ്റി ഇനത്തിലെ നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-3 |
| 6 | കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-4 |
| 7 | ലൈബ്രറി സെസ് തുക നീക്കിയിരിപ്പിൽ വ്യത്യാസം<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-5 |
| 8 | വസ്തു നികുതി തൻവർഷം, കുടിശ്ശിക ഡി.സി.ബി പൊരുത്തപ്പെടുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-6 |
| 9 | തൊഴിൽ നികുതി (സ്ഥാപനം/പ്രൊഫഷണൽസ്/ട്രേഡേഴ്സ്), എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് - തൻ വർഷ വരവ് ധനകാര്യപത്രിക-രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-7 |
| 10 | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കി ചെലവ് ക്രമീകരിച്ചിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-2-8 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Arun Dev V.R (Senior Grade Auditor, On 12-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-3 |
| 12 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Jayananda. H (Audit Officer, On 14-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2022) | 1-4 |
| 13 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 14-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Janardanan C (Senior Grade Auditor, On 12-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-6 |

| | | |
|---|---|---|
| 15 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.<br>Written By: Janardanan C (Senior Grade Auditor, On 12-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Arun Dev V.R (Senior Grade Auditor, On 12-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-9 |
| 18 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 20-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-10 |
| 19 | മുപ്പത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി - ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-11 |
| 20 | മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-12 |
| 21 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-13 |
| 22 | അറുപത് ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കു നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-14 |
| 23 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-15 |
| 24 | ലൈബ്രറി സെസ് തുക ഒടുക്കു വരുത്തുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-16 |
| 25 | ഔട്ട് ഡോർ കളക്ഷൻ - ഇരട്ടി തുക സഞ്ചയയിൽ ഒടുക്കുവരുത്തിയിരിക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-17 |
| 26 | ഔട്ട് ഡോർ കളക്ഷൻ - അധിക തുക സഞ്ചയയിൽ ഒടുക്കുവരുത്തിയിരിക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-18 |
| 27 | ഔട്ട് ഡോർ കളക്ഷൻ - കുറവ് തുക സഞ്ചയയിൽ ഒടുക്കുവരുത്തിയിരിക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-19 |
| 28 | ഔട്ട് ഡോർ കളക്ഷൻ - തുക ഒടുക്കിയ കെട്ടിടനമ്പറുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-20 |
| 29 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകളുടെ തുക ലഭ്യമായിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-21 |
| 30 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022) | 1-22 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | |
| 31 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി - ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-23 |
| 32 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 19-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-24 |
| 33 | എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-25 |
| 34 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-26 |
| 35 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 22-03-2022) | 1-27 |
| 36 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2022) | 1-28 |
| 37 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-29 |
| 38 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-30 |
| 39 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-31 |
| 40 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 22-03-2022) | 1-32 |
| 41 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2022) | 1-33 |
| 42 | മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 25-03-2022) | 1-34 |
| 43 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത് ആക്ഷൻ പ്ലാൻ പ്രകാരമല്ല<br>Written By: Janardanan C (Senior Grade Auditor, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-35 |
| 44 | ഹഡ്കോ ലോൺ നേരിട്ട് നല്കിയത്.യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല<br>Written By: Jayananda. H (Audit Officer, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-36 |
| 45 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച. | 1-37 |

| | | |
|---|---|---|
| | Written By: Jayananda. H (Audit Officer, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | |
| 46 | അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ കൈമാറിയ തുകയിൽ കുറവ്<br>Written By: Gopalakrishna Nayik (Audit Officer, On 22-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-38 |
| 47 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി- നിരക്കിൽ കുറവ്- കേന്ദ്ര സർക്കാരിന് നഷ്ടം<br>Written By: Gopalakrishna Nayik (Audit Officer, On 23-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-39 |
| 48 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 23-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2022) | 1-40 |
| 49 | പ്രവൃത്തി പൂർത്തികരിച്ച് ഉപയോഗ ശൂന്യമായി കിടക്കുന്ന പദ്ധതി<br>Written By: Gopalakrishna Nayik (Audit Officer, On 24-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 10-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 10-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 18-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 10-03-2022)<br>Last Updated By: Jayananda. H (Audit Officer, On 10-03-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 10-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 10-03-2022)<br>Last Updated By: Jayananda. H (Audit Officer, On 10-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 18-03-2022)<br>Last Updated By: Jayananda. H (Audit Officer, On 18-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 08-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 08-03-2022)<br>Last Updated By: Jayananda. H (Audit Officer, On 08-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 10-03-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 08-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/19തീയതി 14-02-2019 | 11/2020തീയതി 09-03-2020 |
| മുന്നിരിപ്പ് | 70,11,094 | 79,37,385 |
| വരവ് | 11,67,32,040 | 17,45,95,449 |
| ആകെ | 12,37,43,134 | 18,25,32,834 |
| ചെലവ് | 11,20,48,913 | 18,07,00,845 |
| നീക്കിയിരിപ്പ് | 1,16,94,221 | 18,31,989 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

മധൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് തുക - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക B-18 ഷെഡ്യൂൾ പ്രകാരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്ന ഇനത്തിൽ 2015-16 സാമ്പത്തിക വർഷം മുതൽ 44954/- രൂപ നിലനിൽക്കുന്നുണ്ട്. ഈ തുക ഏത് ഇനത്തിൽ ഡെപ്പോസിറ്റ് ചെയ്തതാണെന്നതിന്റെയും നാളിതുവരെ ക്രമീകരിക്കാത്തതിന്റെയും വിശദീകരണവും, ബന്ധപ്പെട്ട രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 9,14.03.2022).

### 1-2-2 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് നമ്പർ “0271/20 പഞ്ചായത്തിലെ വിവിധ ബോർവെല്ലുകൾ റിപ്പയർ " എന്ന പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും 128141/- രൂപ കാസറഗോഡ് ഗ്രൗണ്ട് വാട്ടർ ഡിപ്പോർട്ട്മെന്റിൽ 04/01/2020 ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശം ധനകാര്യപത്രികയിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-3 ജി.എസ്.റ്റി ഇനത്തിലെ നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ജി.എസ്.റ്റി ഇനത്തിലെ തുകയിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | 2018-19 B-9 ഷെഡ്യൂൾ പ്രകാരം ഒടുക്കുവാനുള്ള തുക (1) | 2019-20 RP-36 പ്രകാരം തൻവർഷം ലഭിച്ച തുക (2) | 2019-20 RP-36 പ്രകാരം തൻവർഷം ഒടുക്കിയ തുക (3) | 2019-20 B-9 ഷെഡ്യൂൾ പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുക | ബാക്കി വരേണ്ട തുക (1)+(2) -(3) |
|---|---|---|---|---|---|
| സി.ജി.എസ്.റ്റി. | 2453 | 21047 | 21939 | 2430 | 1561 |
| എസ്.ജി.എസ്.റ്റി | 3537 | 21052 | 21939 | 2430 | 2650 |

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 11,14.03.2022)

1-2-4 കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക B-18 ഷെഡ്യൂൾ പ്രകാരം കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് എന്ന ഇനത്തിൽ 2016-17 മുതൽ ചുവടെ പറയുന്ന പ്രകാരം തുക നിലനിൽക്കുന്നതായി കാണുന്നു.

| ഇനം | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| അഡ്വാൻസ് - ഇംപ്ലിമെന്റിംഗ് ഏജൻസീസ് - ഡെപ്പോസിറ്റ് കേരള ഇലക്ട്രിസിറ്റി ബോർഡ് | 587169 | 591519 (587169 + 4350) | 591519 | 591519 |

മേൽ തുക ഏത് ഇനത്തിൽ ഡെപ്പോസിറ്റ് ചെയ്തതാണെന്നതിന്റെയും നാളിതുവരെ ക്രമീകരിക്കാത്തതിന്റെ വിശദീകരണവും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 12, 14.03.2022)

1-2-5 ലൈബ്രറി സെസ് തുക നീക്കിയിരിപ്പിൽ വ്യത്യാസം

ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്

| 2018-19 B 9 പ്രകാരം ഒടുക്കാനുള്ള തുക (1) | 2019-20 RP 36 പ്രകാരം ലഭിച്ച തുക (2) | 2019-20 RP 36 പ്രകാരം ഒടുക്കിയ തുക (3) | 2019-20 B 9 പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | ഒടുക്കാൻ ബാക്കി വരേണ്ടിയിരുന്ന തുക (1)+(2)-(3) |
|---|---|---|---|---|
| 181678 | 350358 | 0 | 540545 | 532036 |

മേൽ പറഞ്ഞ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 13,14.03.2022)

1-2-6 വസ്തു നികുതി തൻവർഷം, കുടിശ്ശിക ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

1) കുടിശ്ശിക ഇനത്തിൽ ചുവടെ പറയുന്ന വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | ഇനം (കോഡ്) | 2018-19 B15 പ്രകാരം കുടിശ്ശിക ലഭിക്കേണ്ട തുക (1) | 2019-20 ലഭിച്ച തുക (RP43) (2) | 2019-20 B15 പ്രകാരംകുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക | കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക (1) - (2) |
|---|---|---|---|---|---|
| 1 | വസ്തുനികുതി-റസിഡൻഷ്യൽ (431100102) | 1002146 (611857+ 390289) | 584515 | 72240 | 417631 |
| 2 | വസ്തുനികുതി-നോൺറസിഡൻഷ്യൽ (431100104) | 682901 (279848+ 403053) | 170335 | 238326 | 512566 |

2) തൻ വർഷ ഡി.സി.ബി യിൽ ചുവടെ പറയുന്ന വ്യത്യാസം കാണുന്നു

| ക്രമ നമ്പർ | ഇനം (കോഡ്) | 2019-20 I-1/I-3 | 2019-20 ൽ ലഭിച്ച | 2018-19 B9 പ്രകാരം | 2019-20 B15 പ്രകാരം | ഡിമാന്റ്-കളക്ഷൻ |
|---|---|---|---|---|---|---|

| | | പ്രകാരം ഡിമാന്റ് തുക (1) | തുക (RP43) (2) | അഡ്വാൻസായി ലഭിച്ച തുക (3) | ലഭിക്കാനുള്ള തുക | എന്നിവ പ്രകാരം ലഭിക്കാനുള്ള തുക (1)-(2)-(3) |
|---|---|---|---|---|---|---|
| 1 | വസ്തുനികുതി-റസിഡൻഷ്യൽ (431100101) | 4212876 | 4685584 | 222908 | 141802 | - 695616 |
| 2 | വസ്തുനികുതി-നോൺ-റസിഡൻഷ്യൽ (431100103) | 1906613 | 1415868 | 44413 | 76981 | 446332 |

മേൽ പറഞ്ഞവയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 19, 14.03.2022)

### 1-2-7 തൊഴിൽ നികുതി (സ്ഥാപനം/പ്രൊഫഷണൽസ്/ട്രേഡേഴ്സ്), എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് - തൻ വർഷ വരവ് ധനകാര്യപത്രിക-രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല.

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി (സ്ഥാപനം/പ്രൊഫഷണൽസ്/ട്രേഡേഴ്സ്), എഫ്.ടി.ഇ. & ഒ.എസ്. ലൈസൻസ് എന്നിവയിലെ വരവ് സ്ഥാപനത്തിന്റെ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2019-20 RP 43 പ്രകാരം വരവ് | 2018-19 B-9 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് കളക്ഷൻ | ആകെ വരവ് | രജിസ്റ്റർ പ്രകാരം തൻവർഷ വരവ് |
|---|---|---|---|---|
| തൊഴിൽ നികുതി (സ്ഥാപനം/ പൊഫഷണൽസ്/ ട്രേഡേഴ്സ്) | 180910 | 215920 | 396830 | 376030 |
| എഫ്.ടി.ഇ & ഒ. എസ് ലൈസൻസ് | 46150 | 79650 | 125800 | 124700 |

മേൽ വ്യത്യാസത്തിനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 21,14.03.2022)

### 1-2-8 സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കി ചെലവ് ക്രമീകരിച്ചിട്ടില്ല

വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിനായി ജി.ഒ.(ആർ.ടി.) നം.6105/2019/ ഫിൻ, തിയതി 01.08.2019, ജി.ഒ.(ആർടി) നം.10050/2019/ ഫിൻ, തിയതി 21.12.2019 എന്നീ ഉത്തരവുകൾ പ്രകാരം 786765/- രൂപ വീതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 786765/- രൂപയുടെ ഒരു പദ്ധതി മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 1,22,31,684.20 |

| | |
|---|---|
| വരവ് | 7,78,30,577.00 |
| ആകെ | 9,00,62,261.20 |
| ചെലവ് | 7,52,34,498.00 |
| നീക്കിയിരിപ്പ് | 1,48,27,763.20 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (20 19-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,77,63,844 | 1,77,63,844 | 1,74,09,951 | 3,53,893 | 98 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 52,33,000 | 52,33,000 | 28,29,804 | 24,03,196 | 54.07 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 15,40,000 | 15,40,000 | 7,92,074 | 7,47,926 | 51.43 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 58,85,000 | 58,85,000 | 9,10,775 | 49,74,225 | 15.47 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 54,45,000 | 54,45,000 | 32,66,548 | 21,78,452 | 60 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,40,30,459 | 1,40,30,459 | 76,94,555 | 63,35,904 | 54.84 |

1) വികസനഫണ്ട്- ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 15,79,816 രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 6 ബില്ലുകളിലായി 11,74,882 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) വികസന ഫണ്ട് -എസ്.സി.പി. സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 29,412/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 9 ബില്ലുകളിലായി 17,34,677/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

3) വികസന ഫണ്ട്- ടി.എസ്.പി. പട്ടികയിലെ ചെലവ് തുക കൂടാതെ 2 ബില്ലുകളിലായി 3,06,159/- രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

4)സംരക്ഷണ ഗ്രാന്റ് നോൺറോഡ് -പട്ടികയിലെ ചെലവ് തുക കൂടാതെ 7 ബില്ലുകളിലായി 8,51,175 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

4)ധനകാര്യ കമ്മീഷൻ ഗ്രാന്റ് -പട്ടികയിലെ ചെലവ് തുക കൂടാതെ 6 ബില്ലുകളിലായി 23,32,077 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,58,30,135 | 1,58,30,135 | 1,58,30,135 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 28,00,392 | 28,00,392 | 28,00,392 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7,92,074 | 7,92,074 | 7,92,074 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9,10,775 | 9,10,775 | 9,10,775 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 32,66,548 | 32,66,548 | 32,66,548 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 76,94,555 | 76,94,555 | 76,94,555 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 1,07,040 | 1,07,040 | 1,07,040 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 7,50,000 | 7,50,000 | 7,50,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 4,55,000 | 4,55,000 | 4,55,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 1,05,877 | 1,40,88,624 | 1,41,94,501 | 87,68,457 | 54,26,044 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 10,596 | 11,97,957 | 12,08,553 | 7,40,397 | 4,68,156 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 2,54,749 | 9,12,802 | 11,67,551 | 4,39,444 | 7,28,107 |
| എസ്.എസ്.എ. | 54,995 | 2,081 | 57,076 | 328 | 56,768 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി | 21,48,872 | 47,84,368 | 69,33,240 | 7,11,549 | 62,21,691 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| കേരളോത്സവം | 0 | 20,000 | 20,000 | 0 | 20,000 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,40,88,624/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി. അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 1,55,96,616/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 2,48,05,500/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 11,68,32,257 | 131 | 5,72,72,271 | 0 | 119 | 52.4 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 20 | 44,97,883 | 14 | 25,50,344 | 56.70 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 173 | 5,43,89,459 | 68 | 1,90,04,704 | 34.94 |
| 3 | കൃഷി ഓഫീസർ | 6 | 49,16,636 | 6 | 46,40,702 | 94.38 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 9 | 3,77,00,000 | 8 | 1,90,79,423 | 50.60 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 71,10,514 | 7 | 58,21,709 | 81.87 |
| 6 | വെറ്ററിനറി സർജ്ജൻ | 10 | 23,19,105 | 10 | 18,87,800 | 81.40 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 2,70,460 | 2 | 2,18,100 | 80.64 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | 6 | 12,79,000 | 6 | 9,49,792 | 74.26 |
| 9 | പ്രധാനാധ്യാപകൻ | 12 | 39,14,000 | 6 | 26,88,021 | 68.67 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 4,35,200 | 4 | 4,31,676 | 99.19 |
| | ആകെ | 250 | 11,68,32,257 | 131 | 5,72,72,271 | 49.02 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 10596 | 11,97,957 | 12,08,553 | 7,40,397 | 4,68,156 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,55,96,616 | 1,55,96,616 | 1,55,96,616 | 0 |
| ആകെ | 10,596 | 1,67,94,573 | 1,68,05,169 | 1,63,37,013 | 4,68,156 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1016

പദ്ധതികളുൾപ്പെടുന്ന 21,46,43,292 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,72,23,553 രൂപയുടെ 242 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 57941 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 232 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,07,040 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 8,04,000 | 143 |
| വിധവാപെൻഷൻ | 98,85,600 | 1764 |
| വാർദ്ധക്യകാലപെൻഷൻ | 1,09,43,700 | 1953 |
| വികലാംഗപെൻഷൻ | 30,47,400 | 543 |
| അവിവാഹിതകളായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,24,800 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 7,50,000 | 25 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-03-2022 തീയ്യതിയിൽ 11 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,301/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യുർമെന്റ് ടീമിനാണ്. പ്രൊക്യുർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യുർമെന്റ് കമ്മിററിയാണ്.എന്നാൽ പ്രോക്യുർമെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 43 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-08-2021 & 12-08-2021 | 01/2021 മുതൽ 07/2021 വരെ | 31-08-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-03-2021 | 2011-12 | 21-06-2012 |

## 1-11 മുപ്പത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി - ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/276A<br>1/277 | എം.സരോജിനി, ശ്രീ.സിദ്ധിവിനായക കൃപ, മായിപ്പാടി |
| 2 | 2/371<br>2/373 | നഫീസ, പട്ള |
| 3 | 2/401<br>2/401B | പി.അബ്ദുള്ള, പട്ള |
| 4 | 4/443<br>4/445 | കുഞ്ഞാമ്മദ്, കല്ലക്കട്ട |
| 5 | 7/505A<br>7/531 | മൈമൂന, ചെട്ടുംകുഴി |

| | | |
|---|---|---|
| 6 | 9/60 | കെ.ബട്ട്യ, കുട്‌ല്യ, രാംദാസ് നഗർ |
| | 9/61 | |
| 7 | 10/80 | എം.പത്മനാഭ ആചാര്യ |
| | 10/82 | |
| 8 | 10/243A | സവിത എന്ന സുഗന്തി, മീപ്പുഗുരി, രാംദാസ് നഗർ |
| | 10/243 | |
| 9 | 10/387 | അബ്ദുൾ റഹ്മാൻ മെഹറൂഫ്, ബേവിഞ്ച |
| | 10/388 | |
| 10 | 11/89B | സി.എ.അബ്ദുള്ള, കോട്ടക്കണ്ണി, രാംദാസ് നഗർ |
| | 11/89C | |
| 11 | 11/473 | പ്രസിഡന്റ്, പഴയ പള്ളി, ചൂരി |
| | 11/474 | |
| | 11/481 | |
| | 11/482 | |
| 12 | 12/220 | സി.അബ്ദുള്ള |
| | 12/221 | |
| | 12/222 | |
| | 12/223 | |
| | 12/224 | |
| 13 | 12/370 | കുക്കൻ ദാമോദരൻ നായർ, ശ്രീ കൃഷ്ണ നിലയം, ഉക്കുംപാടി |
| | 12/373 | |
| 14 | 14/214 | സരസ്വതി നായിക്, പച്ചക്കാട്, രാംദാസ് നഗർ |
| | 14/215 | |
| 15 | 14/317 | ശ്രീദേവി, അനുഗ്രഹം, രാംദാസ് നഗർ |
| | 14/318 | |
| 16 | 16/389 | മുഹമ്മദ് കുഞ്ഞി.കെ.എം, ഇസ്സാത്ത് നഗർ, ഹിദായത്ത് നഗർ |
| | 16/395 | |
| 17 | 17/376A | എം.കുഞ്ഞാമു |
| | 17/376B | |
| 18 | 18/729A | മറിയമ്മ, വാണിയങ്കുഴി, ശിരിബഗില്യ |
| | 18/729B | |
| 19 | 20/101 | ഉമ്മക്ക, നീരാള, ശിരിബഗില്യ |
| | 20/102 | |

മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശവും കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 /08/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ വിഷയത്തിലെ തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല.

| ബിൽഡിംഗ് ഐ.ഡി | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | വിലാസം |
|---|---|---|---|
| 51194010012258 | 19/402/ | Circle Head,GTL Infrastructure Ltd. | Prabhu Tower, 2nd Floor, Opp.Chennai Silks |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി |
|---|---|---|---|---|---|
| 1 | 2013-2014 | ഒന്നാം അർദ്ധവർഷം | 3000 | 150 | 3150 |
| 2 | 2013-2014 | രണ്ടാം അർദ്ധവർഷം | 3000 | 150 | 3150 |
| 3 | 2014-2015 | ഒന്നാം അർദ്ധവർഷം | 3000 | 150 | 3150 |
| 4 | 2014-2015 | രണ്ടാം അർദ്ധവർഷം | 3000 | 150 | 3150 |
| 5 | 2015-2016 | ഒന്നാം അർദ്ധവർഷം | 3000 | 150 | 3150 |
| 6 | 2015-2016 | രണ്ടാം അർദ്ധവർഷം | 3000 | 150 | 3150 |
| 7 | 2016-2017 | ഒന്നാം അർദ്ധവർഷം | 3000 | 150 | 3150 |
| 8 | 2016-2017 | രണ്ടാം അർദ്ധവർഷം | 3000 | 150 | 3150 |
| 9 | 2017-2018 | ഒന്നാം അർദ്ധവർഷം | 3000 | 150 | 3150 |
| 10 | 2017-2018 | രണ്ടാം അർദ്ധവർഷം | 3000 | 150 | 3150 |
| 11 | 2018-2019 | ഒന്നാം അർദ്ധവർഷം | 3000 | 150 | 3150 |
| 12 | 2018-2019 | രണ്ടാം അർദ്ധവർഷം | 3000 | 150 | 3150 |
| 13 | 2019-2020 | ഒന്നാം അർദ്ധവർഷം | 3000 | 150 | 3150 |
| 14 | 2019-2020 | രണ്ടാം അർദ്ധവർഷം | 3000 | 150 | 3150 |
| ആകെ നികുതി | | | | | 44100 |

തുക ഈടാക്കാത്തതിന് വിശദീകരണം, തുടർ നടപടി വിവരം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5, 08/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ ടവറിന്റെ കെട്ടിടനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

1.1.2005 ലെ സ.ഉ (എം.എസ്) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ.(കൈ)നം 106/17/ തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശ പ്രകാരം ചുവടെ പറയുന്നവയുടെ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1) കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ / സാക്ഷ്യപത്രം ഓരോ വർഷവും മാർച്ച് 31 ന മുമ്പായി തദ്ദേശ സ്വയം ഭരണ മേധാവിക്ക് നൽകേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ഈ ഇനത്തിൽ ലഭിച്ച അപേക്ഷകളുടെ വിവരം, നികുതി ഇളവ് അനുവദിച്ചവയുടെ എണ്ണം എന്നിവ ലഭ്യമാക്കേണ്ടതാണ്. (ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്)

2) കെട്ടിട നികുതി ഇളവിന് അർഹരായ വിമുക്ത ഭടൻമാർക്ക് / വിമുക്ത ഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിട നികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ യഥാസമയം ഉണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3) ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ക്രമ പ്രകാരം ഈടാക്കേണ്ടതുമാണ്.

മേൽ പ്രകാരമുള്ള രജിസ്റ്റർ / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4) ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് വർഷങ്ങളായി ഇളവ് നൽകിവരുന്നതായി കാണുന്നു.

| ക്രമ നമ്പർ | വാർഡ് | കെട്ടിട നമ്പർ | പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|---|
| 1 | 5 | 230D | വൈ.ധർമേന്ദ്ര ആചാര്യ | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 7 | 417 | ചന്ദ്രിക.എം | 2016 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 9 | 202 | മുരളീധരൻ നായർ | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | 9 | 204 | വൈ.കൃഷ്ണ | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | 10 | 39A | ജഗദീശ.കെ.കെ | 2017 ഒന്നാം അർദ്ധവർഷം മുതൽ |
| 6 | 13 | 207 | കെ. ചന്ദ്രശേഖര | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 7 | 15 | 101 | എൻ.കെ. രാമകൃഷ്ണൻ | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 8 | 15 | 160A | സതീഷ് കുമാർ.ഇ | 2015 രണ്ടാം അർദ്ധവർഷം മുതൽ |

| | | | | |
|---|---|---|---|---|
| 9 | 16 | 218 | ജോർജ്.പി | 1990 ഒന്നാം അർദ്ധവർഷം മുതൽ |
| 10 | 16 | 352 | ഇ. കൃഷ്ണൻ നായർ | 2008 ഒന്നാം അർദ്ധവർഷം മുതൽ |
| 11 | 16 | 357 | തമ്പാൻ എം. | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 12 | 16 | 505 | രമേശൻവി. പി. | 1990 ഒന്നാം അർദ്ധവർഷം മുതൽ |
| 13 | 17 | 824 | കെ. ഹരിഷ | 1990 ഒന്നാം അർദ്ധവർഷം മുതൽ |

2019-20 സാമ്പത്തിക വർഷത്തിൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷ / സത്യവാങ്മൂലം, തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6, 08/03/2022 ന് മറുപടി ലഭിച്ചിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 അറുപത് ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കു നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ജി.ഒ.(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ.(എം.എസ്.)358/15/ തസ്വഭവതീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ 60 ച.മീ. മുകളിൽ വരുന്ന കെട്ടിടങ്ങൾക്കും ഈ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് ചെയ്ത് വരുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണം (ച.മീ) | റിമാർക്സ് |
|---|---|---|---|---|
| 1 | 9/81 | വിനയൻ എൻ, ശേട്ടിഗട്ടെ, രാംദാസ് നഗർ | 111.5 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ.207 ഐ) എന്ന ഗണത്തിൽ ഉൾപ്പെടുത്തി 2013 മുതൽ നികുതി ഇളവ് നൽകി വരുന്നു. |
| 2 | 10/160 | ബേബി കെ, മീപ്പുഗുരി, രാംദാസ് നഗർ | 65 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ.207 ഐ) എന്ന ഗണത്തിൽ ഉൾപ്പെടുത്തി 2013 മുതൽ നികുതി ഇളവ് നൽകി വരുന്നു. |
| 3 | 14/398 | സുഹറ | 90 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ.207 ഐ) എന്ന ഗണത്തിൽ ഉൾപ്പെടുത്തി 2013 മുതൽ നികുതി ഇളവ് നൽകി വരുന്നു. |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിനുള്ള വിശദീകരണം , കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7, 14/03/2022 ന് മറുപടി എന്നിവ ലഭിച്ചിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ തുക നൽകിയ ഇനത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ തുക ക്രമീകരിക്കാതെ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2017-18 | 2018-19 | 2019-20 |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വാൻസ് ട്ട ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 61952 | 61952 | 94447 (61952 + 32495) |

മേൽ തുക നാളിതു വരേയും ക്രമീകരിക്കാത്തതിനുള്ള കാരണം, തുകയുടെ വിശദാംശം അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8, 14/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ തുക സംബന്ധിച്ച വിശദാംശം, തുടർ നടപടി വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 ലൈബ്രറി സെസ് തുക ഒടുക്കു വരുത്തുന്നില്ല.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ലൈബ്രറി സെസ്സിനത്തിലെ തുക ഒടുക്കുവരുത്തിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | സാമ്പത്തിക വർഷം ആരംഭത്തിൽ ഒടുക്കുവാനുള്ള തുക – 2018-19 (B9 ഷെഡ്യൂൾ പ്രകാരം ) | 2019-20 RP 29 ഷെഡ്യൂൾ പ്രകാരം തൻ വർഷ വരവ് | RP 29 ഷെഡ്യൂൾ പ്രകാരം തൻ വർഷം ഒടുക്കിയത് | സാമ്പത്തിക വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക 2019-20 (B9 ഷെഡ്യൂൾ പ്രകാരം ) |
|---|---|---|---|---|
| 2019-20 | 181678 | 350358 | 0 | 540545 |

കേരള പബ്ലിക്ക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989 ലെ വകുപ്പ് 48 (1) പ്രകാരം നിശ്ചിത തുക വസ്തു നികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. The Kerala Decentralisation Of Powers Act, 2000 (A Ct 16 Of 2000) പ്രകാരം ഈടാക്കിയ തുക മൂന്നു മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2 % പിഴ ഒടുക്കേണ്ടതാണ്. സെക്രട്ടറിയും ചെയർപേഴ്സനും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുന്നതാണ്.

സർക്കുലർ നം 17263/L3/തസ്വഭവ തീയതി 29/12/2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ യാതൊരു തുകയും ലൈബ്രറി കൗൺസിലിന് ഒടുക്ക് വരുത്തിയിട്ടില്ല. ലൈബ്രറി സെസ് ഒടുക്കു വരുത്തുവാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14, 14/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഔട്ട് ഡോർ കളക്ഷൻ - ഇരട്ടി തുക സഞ്ചയയിൽ ഒടുക്കുവരുത്തിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തിൽ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകളിൽ 6 എണ്ണം പരിശോധിച്ചതിൽ (ബുക്ക് നം 112, 51219, 51209, 51238, 51232, 51227) ചുവടെ പറയുന്ന രസീത് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുക രണ്ട് കെട്ടിടങ്ങളുടെ നികുതിയായി സഞ്ചയയിൽ വരവുവച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ബുക്ക് നം. | രസീത് നം. | ആകെ നികുതി (പിഴ പലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തു നികുതി ഇനത്തിൽ വരവ് വയ്ക്കേണ്ട തുക | സഞ്ചയയിൽ വരവ് വച്ച തുക | വരവ് വച്ചത് |
|---|---|---|---|---|---|---|
| 1 | 51235 | 34 | 200 (പിഴ പലിശ -16) | 184 | 368 | 6/167 ൽ 184/- രൂപയും 6/168 ൽ 184/- രൂപയും വരവായി രേഖപ്പെടുത്തിയിരിക്കുന്നു |

മേൽ പ്രകാരം സഞ്ചയയിൽ ഒരേ തുക രണ്ട് കെട്ടിടങ്ങളിൽ ഒടുക്കു വരുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15, 14/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ രണ്ട് കെട്ടിടങ്ങൾക്കായി തുക ഒടുക്കു വരുത്തിയതിനുള്ള വിശദീകരണം തുടർ നടപടി വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-18 ഔട്ട് ഡോർ കളക്ഷൻ - അധിക തുക സഞ്ചയയിൽ ഒടുക്കവരുത്തിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തിൽ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകളിൽ 6 എണ്ണം പരിശോധിച്ചതിൽ (ബുക്ക് നം 112, 51219, 51209, 51238, 51232, 51227) ചുവടെ പറയുന്ന രസീത് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയെക്കാൾ അധികം തുക സഞ്ചയയിൽ വരവുവച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ബുക്ക് നം. | രസീത് നം. | ആകെ നികുതി (പിഴ പലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തുനികുതി ഇനത്തിൽ വരവ് വയ്ക്കേണ്ട തുക | സഞ്ചയയിൽ വരവ് വച്ച തുക | അധിക മായി വരവ് വച്ചത് |
|---|---|---|---|---|---|---|
| 1 | 112 | 58 | 3700 (പിഴ പലിശ -18) | 3682 | 3700 | 18 |
| 2 | 112 | 60 | 548 (പിഴ പലിശ -3) | 545 | 548 | 3 |
| 3 | 112 | 79 | 203 (പിഴ പലിശ -2) | 201 | 203 | 2 |
| 4 | 112 | 80 | 305 (പിഴ പലിശ -3) | 302 | 305 | 3 |
| 5 | 112 | 81 | 276 (പിഴ പലിശ-3) | 273 | 276 | 3 |
| 6 | 112 | 83 | 1961 (പിഴ പലിശ -19) | 1942 | 1970 | 28 |
| 7 | 112 | 84 | 146 (പിഴ പലിശ -2) | 144 | 146 | 2 |
| 8 | 112 | 85 | 230 (പിഴ പലിശ -2) | 228 | 231 | 3 |
| 9 | 112 | 87 | 752 (പിഴ പലിശ -8) | 744 | 752 | 8 |
| 10 | 112 | 88 | 334 (പിഴ പലിശ -3) | 331 | 336 | 5 |
| 11 | 112 | 89 | 40 (പിഴ പലിശ -2) | 38 | 40 | 2 |
| 12 | 112 | 90 | 733 (പിഴ പലിശ -8) | 725 | 735 | 8 |
| 13 | 112 | 91 | 117 (പിഴ പലിശ -2) | 115 | 117 | 2 |
| 14 | 112 | 93 | 40 (പിഴ പലിശ -2) | 38 | 40 | 2 |
| 15 | 112 | 94 | 140 (പിഴ പലിശ -2) | 138 | 140 | 2 |
| 16 | 112 | 95 | 318 (പിഴ പലിശ -3) | 315 | 320 | 5 |
| 17 | 112 | 96 | 277 (പിഴ പലിശ -4) | 273 | 277 | 4 |
| 18 | 112 | 97 | 280 (പിഴ പലിശ -4, നോട്ടീസ് ഫീ -3) | 273 | 277 | 4 |
| 19 | 112 | 98 | 280 (പിഴ പലിശ -4, നോട്ടീസ് ഫീ -3) | 273 | 277 | 4 |
| 20 | 51219 | 21 | 114 (പിഴ പലിശ -2, നോട്ടീസ് ഫീ-2) | 110 | 114 | 4 |
| 21 | 51219 | 32 | 191 (പിഴ പലിശ -3, നോട്ടീസ് ഫീ-5) | 183 | 483 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 22 | 51219 | 45 | 480 (പിഴ പലിശ -7, നോട്ടീസ് ഫീ -2) | 471 | 473 | 2 |
| 23 | 51209 | 1 | 200 (പിഴ പലിശ -3) | 197 | 200 | 3 |
| 24 | 51209 | 2 | 231 (പിഴ പലിശ -3) | 228 | 231 | 3 |
| 25 | 51209 | 8 | 601 (പിഴ പലിശ -8, നോട്ടീസ് ഫീ-2) | 591 | 599 | 8 |
| 26 | 51209 | 11 | 99 (പിഴ പലിശ -1, നോട്ടീസ് ഫീ-5) | 93 | 99 | 6 |
| 27 | 51209 | 51 | 52 (പിഴ പലിശ -1, നോട്ടീസ് ഫീ-2) | 49 | 51 | 2 |
| 28 | 51238 | 24 | 474 | 474 | 476 | 2 |
| 29 | 51232 | 52 | 441 (പിഴ പലിശ -8, നോട്ടീസ് ഫീ-5) | 431 | 441 | 10 |
| 30 | 51232 | 56 | 25 (പിഴ പലിശ -5) | 20 | 25 | 5 |
| 31 | 51227 | 21 | 18 (പിഴ പലിശ -3) | 15 | 18 | 3 |
| 32 | 51227 | 49 | 135 (പിഴ പലിശ -7) | 128 | 138 | 10 |

മേൽ പ്രകാരം സഞ്ചയയിൽ അധിക തുക ഒടുക്കുവരുത്തിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16, 14/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ അധിക തുക സഞ്ചയയിൽ ഒടുക്കിയതിനുള്ള വിശദീകരണം, തുടർ നടപടി വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-19 ഔട്ട് ഡോർ കളക്ഷൻ - കുറവ് തുക സഞ്ചയയിൽ ഒടുക്കുവരുത്തിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തിൽ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകളിൽ 6 എണ്ണം പരിശോധിച്ചതിൽ (ബുക്ക് നം 112, 51219, 51209, 51238, 51232, 51227) ചുവടെ പറയുന്ന രസീത് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയെക്കാൾ കുറവ് തുക സഞ്ചയയിൽ വരവുവച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ബുക്ക് നം. | രസീത് നം. | ആകെ നികുതി (പിഴപലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തു നികുതി ഇനത്തിൽ വരവ് വയ്ക്കേണ്ടതുക | സഞ്ചയയിൽ വരവ് വച്ച തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 51209 | 96 | 485 (പിഴപലിശ -29, നോട്ടീസ് ഫീ - 2) | 454 | 227 | 227 |
| 2 | 51236 | 56 | 228 | 228 | 22 | 206 |
| 3 | 51236 | 57 | 251 | 251 | 60 | 191 |
| 4 | 51236 | 64 | 92 | 92 | 18 | 74 |
| 5 | 51236 | 82 | 38 | 38 | 13 | 25 |
| 6 | 51236 | 83 | 33 | 33 | 6 | 27 |
| 7 | 51231 | 18 | 233 (പിഴപലിശ-5) | 228 | 172 | 56 |
| 8 | 51231 | 23 | 425 (പിഴപലിശ-10) | 415 | 200 | 215 |

മേൽ പ്രകാരം സഞ്ചയയിൽ കുറവ് തുക ഒടുക്കു വരുത്തിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17, 14/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. തുക കുറവ് ഒടുക്കുവരുത്തിയതിനുള്ള വിശദീകരണം, തുടർ നടപടി വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 ഔട്ട് ഡോർ കളക്ഷൻ - തുക ഒടുക്കിയ കെട്ടിടനമ്പറുകൾ പൊരുത്തപ്പെടുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്കുകളിൽ 6 എണ്ണം പരിശോധിച്ചതിൽ (ബുക്ക് നം 112, 51219, 51209, 51238, 51232, 51227) ചുവടെ പറയുന്ന രസീത് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുക രസീതിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിൽ നിന്നും വ്യത്യസ്തമായ കെട്ടിടത്തിൽ സഞ്ചയയിൽ വരവുവച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ബുക്ക് നമ്പർ | രസീത് നമ്പർ | രസീത് പ്രകാരമുള്ള വിശദാംശം | | | സഞ്ചയയിൽ വരവുവച്ചതിന്റെ വിശദാംശം | |
|---|---|---|---|---|---|---|---|
| | | | കെട്ടിട നമ്പർ | ആകെ നികുതി (പിഴപലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തു നികുതി ഇനത്തിൽ വരവ് വയ്ക്കേണ്ടതുക | കെട്ടിട നമ്പർ | തുക |
| 1 | 112 | 92 | 9/107 | 184 (പിഴപലിശ-2) | 182 | 6/184 | 184 |
| 2 | 51232 | 40 | 6/573 | 20 (പിഴപലിശ-5) | 15 | 6/578 | 29 |
| 3 | 51227 | 5 | 19/142 | 20 (പിഴപലിശ-5) | 15 | 17/672 | 33 |
| 4 | 51227 | 14 | 19/146 | 20 (പിഴപലിശ-5) | 15 | 17/628 | 23 |
| 5 | 51227 | 19 | 19/162 | 95 (പിഴപലിശ-3) | 92 | 6/765 | 80 |
| 6 | 51227 | 30 | 19/109 | 30 (പിഴപലിശ-1) | 29 | 19/114 | 147 |
| 7 | 51227 | 63 | 5/15 | 22 (പിഴപലിശ-2, നോട്ടീസ് ഫീ - 5) | 15 | 17/323 | 24 |
| 8 | 51227 | 74 | 5/60 | 23 (പിഴപലിശ-1, നോട്ടീസ് ഫീ - 2) | 20 | 6/717 | 40 |
| 9 | 51236 | 3 | 20/104 | 35 (പിഴപലിശ-1) | 34 | 20/2 | 20 |
| 10 | 51236 | 45 | 10/471 | 251 | 251 | 10/420 C/ua | 445 |
| 11 | 51236 | 46 | 20/173A | 48 | 48 | 5/209 | 40 |
| 12 | 51236 | 47 | 20/346 | 98 (പിഴപലിശ-4) | 94 | 14/265A | 508 |
| 13 | 51236 | 48 | 14/265A | 908 | 908 | 20/392A | 656 |
| 14 | 51236 | 50 | 4/73 | 29 | 29 | 10/545 | 14 |
| 15 | 51236 | 53 | 14/366 | 56 | 56 | 5/437 | 40 |
| 16 | 51236 | 54 | 19/157 | 115 | 115 | 10/491 | 116 |
| 17 | 51236 | 59 | 15/313 | 101 | 101 | 19/481A | 128 |
| 18 | 51236 | 60 | 15/317 | 110 | 110 | 15/487A | 137 |
| 19 | 51236 | 78 | 10/426 | 227 | 227 | 10/531 | 276 |
| 20 | 51236 | 88 | 10/491 | 428 | 428 | 20/391 | 455 |
| 21 | 51236 | 90 | 20/392 | 24 | 24 | 20/266 | 12 |
| 22 | 51231 | 1 | 10/44 | 21 (പിഴപലിശ -1) | 20 | 10/368 | 9 |

| | | | | | | | |
|---|---|---|---|---|---|---|---|
| 23 | 51231 | 20 | 10/355 | 50 (പിഴപലിശ -2) | 48 | 10/79 | 189 |
| 24 | 51231 | 29 | 14/18 | 58 (പിഴപലിശ -2) | 56 | 14/265 | 51 |

രസീതിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ ഈ കാലയളവിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

മേൽ പ്രകാരം രസീതിൽ നിന്നും വ്യത്യസ്തമായി സഞ്ചയയിൽ തുക ഒടുക്കവരുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18, 14/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ രസീതിൽ രേഖപ്പെട്ടുത്തിയിട്ടുള്ള കെട്ടിടത്തിനു വിരുദ്ധമായി സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയതിനുള്ള വിശദീകരണവും തുടർ നടപടി വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകളുടെ തുക ലഭ്യമായിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിനു ലഭിച്ചിട്ടുള്ള ചുവടെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുക വരവ് വന്നതായി കാണുന്നില്ല.

| ബാങ്ക് | വൗച്ചർനം, തീയതി | ചെക്ക് നം | തീയതി | തുക |
|---|---|---|---|---|
| ടി.എസ്.ബി-തനത് ഫണ്ട് | 119010500006, 26/08/2019 | 9835273 | 26/08/2019 | 1250 |
| | 119010500007, 26/08/2019 | 9835273 | 26/08/2019 | 1250 |
| | 119010500008, 26/08/2019 | 9835273 | 26/08/2019 | 1250 |
| | 119010500009, 26/08/2019 | 9835273 | 26/08/2019 | 27000 |
| | 11601500056, 24/03/2017 | 7321963 | 10/03/2017 | 3500 |
| ആകെ | | | | 34250 |

മേൽ തുകകൾ നിലവിൽ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും, വരവായി വന്നിട്ടില്ലെങ്കിൽ ആയതിനു സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28, 18/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ വിഷയത്തിനുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-22 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല.

റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 7/10/2016 | 11601104054 | 19/130F | 337 |
| 2 | 18/10/2016 | 11601104142 | 10/527 | 153 |
| 3 | 01/11/2016 | 11601104327 | 13/279 | 22 |
| 4 | 29/11/2016 | 11601104790 | 18/545 | 82 |
| 5 | 29/11/2016 | 11601104806 | 8/314 | 114 |
| 6 | 29/11/2016 | 11601104807 | 8/315 | 1 |
| 7 | 29/12/2016 | 11601105472 | 20/346 | 30 |
| 8 | 17/01/2017 | 11601106023 | 9/138A | 3 |
| 9 | 17/01/2017 | 11601106026 | 11/632 | 133 |
| 10 | 14/02/2017 | 11601106698 | 15/423 | 128 |
| 11 | 14/02/2017 | 11601106734 | 10/376 | 1456 |

| | | | | |
|---|---|---|---|---|
| 12 | 16/03/2017 | 11601107981 | 8/684 | 499 |
| 13 | 17/04/2017 | 117010100196 | 15/66B | 340 |
| 14 | 9/10/2017 | 117010103796 | 16/567 | 383 |
| 15 | 31/08/2018 | 118010104470 | 12/101 | 258 |
| 16 | 20/03/2019 | 118010110861 | 17/329A | 319 |
| 17 | 20/03/2019 | 118010110907 | 3/106 | 514 |
| 18 | 23/03/2019 | 118010111089 | 6/649A | 659 |
| 19 | 28/03/2019 | 118010111418 | 18/792A | 770 |
| 20 | 29/03/2019 | 118010111479 | 17/708 | 693 |
| 21 | 13/05/2019 | 119010101201 | 11/281 | 365 |
| 22 | 20/06/2019 | 119010102368 | 17/808 | 364 |
| 23 | 25/06/2019 | 119010102501 | 20/70 | 51 |
| 24 | 27/06/2019 | 119010102585 | 17/445C | 520 |
| 25 | 18/07/2019 | 119010103106 | 16/232 | 140 |
| 26 | 5/09/2019 | 119010104225 | 16/256 | 42 |
| 27 | 5/09/2019 | 119010104226 | 16/257 | 179 |
| 28 | 5/09/2019 | 119010104227 | 16/258 | 362 |
| 29 | 30/09/2019 | 119010104806 | 12/283 | 228 |
| 30 | 16/12/2019 | 119010107016 | 13/369A | 913 |
| ആകെ തുക | | | | 10058 |

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ2, 07/03/2022 മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ സാംഖ്യയിൽ റദ്ദാക്കുകയും സഞ്ചയയിൽ നിലനിൽക്കുകയും ചെയ്യുന്നത് വരവിനത്തിൽ പൊരുത്തക്കേടുണ്ടാവുകയും പഞ്ചായത്തിന്റെ വരവിനത്തിനെ ഇത് ബാധിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നതുമാണ്. ആയതിനാൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി - ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ജി.ഒ.(എം.എസ്).144/15/തസ്വഭവ,തീ.27.04.2015, ജി.ഒ.(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ്/കെട്ടിട | പേര് /വിലാസം |
|---|---|---|

| നം. | നമ്പർ | |
|---|---|---|
| 1 | 1/52 ,1/53 | മമ്മൂഞ്ഞി, തൈവളപ്പ് ഹൗസ്, മായിപ്പാട് |
| 2 | 1/324, 1/329 | കെ.കുഞ്ഞിരാമൻ, പന്നീർക്കാട്, മായിപ്പാടി |
| 3 | 3/145A, 3/146 | നാരായണ നായ്ക്ക്, പന്തപ്പില ഹൗസ്, മധൂർ |
| 4 | 9/348, 9/350, 9/351 | കൊറപ്പാള്ള, ഉഡ്ലെമനെ, പാറക്കട്ട, രാംദാസ് നഗർ |
| 5 | 10/119, 10/120 | ശിവപ്രസാദ്.ബി, ശങ്കര, നിയർ ദുർഗ്ഗ പരമേശ്വരി ക്ഷേത്രം മീപ്പുഗുരി, രാംദാസ് നഗർ |
| 6 | 10/473, 10/526 | സി.എ.മുഹമ്മദ്, ചൂരി |
| 7 | 14/73, 14/74 | ലീലാവതി, പച്ചക്കാട്, കുട് ലു |
| 8 | 15/429, 15/431 | കെ.നാരായണൻ മണിയാണി, രാംദാസ് നഗർ |
| 9 | 19/405, 19/406 | ഡോ.ആർ.എം.ബാലകൃഷ്ണ ഷെട്ടി<br>രാജരമ ഷെട്ടി, ഷിരിബാഗിലു |

മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശവും കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3, 08/03/2022 ന് മറുപടി ലഭിച്ചില്ല. മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശവും തുടർ നടപടി വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 0192/19-20 |
| പേര് | തെരുവ് വിളക്ക് വാങ്ങൽ (എൽ.ഇ.ഡി.) |
| അടങ്കൽ തുക | തനത് ഫണ്ട് - 800000/- |
| ചെലവ് | 700000/- [685714/- (ചെക്ക് നമ്പർ34906, 31/08/2019)<br>ഐ.റ്റി- 14286/-] |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

3/12/2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഭരണസമിതിയുടെ 7/12/2018 ലെ 3/18 (4) C നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഉത്തരവ് 1581/2018/തസ്വഭവ തീയതി 11/6/2018 പ്രകാരവും 20w എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ അനുബന്ധ ഉപകരണങ്ങളും (200 എണ്ണം) ഒന്നിന് 4000/- രൂപ നിരക്കിൽ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനു തീരുമാനിച്ചു.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 17/07/2019 ൽ KLD MKTG/2019-20/279 നമ്പർ വർക്ക് കംപ്ലീഷൻ & ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് കെൽട്രോണിൽ നിന്നും ലഭിക്കുകയുണ്ടായി. ഇത് പ്രകാരം 20W230V എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ചില വാർഡുകളിൽ ഘടിപ്പിച്ച ലൈറ്റുകൾ പ്രവർത്തന രഹിതമാണെന്ന് വാർഡ് മെമ്പർ മാരുടെ പരാതിയുള്ളതിനാൽ ലഭിച്ച 800000/- രൂപയുടെ ബില്ലിൽ നിന്നും (നം AS-7/ 19/07/01/ 2019) 100000/- രൂപ റീട്ടെൻഷൻ ചെയ്ത് ബാക്കി തുകയായ 700000/- രൂപ കെൽട്രോണിന് നൽകുന്നതിനും ബാക്കി 100000/- രൂപ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്ത ശേഷം നൽകുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ 30/08/2019 ലെ സാധാരണ മീറ്റിംഗിലെ 1/2019 (1) ാം നമ്പർ പ്രകാരം തീരുമാനിച്ചു. ഇതനുസരിച്ച് 700000/- രൂപയിൽ 14286/- രൂപ ഐ.റ്റി. കുറവ് ചെയ്ത് ബാക്കി 685714/- രൂപ കെൽട്രോണിന്റെ എസ്.ബി.ഐ. അക്കൗണ്ടിലേക്ക് 31/08/2019 ൽ ട്രാൻസ്ഫർ ചെയ്തു (അക്കൗണ്ട് നമ്പർ

10632417035).

29/02/2020 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെൽട്രാൺ മാനേജർക്ക് അയച്ച എ1.400/2020 നമ്പർ കത്തിൽ മേൽ പദ്ധതി പ്രകാരം സ്ഥാപിച്ച 200 സ്ട്രീറ്റ് ലൈറ്റുകളിൽ ഏകദേശം 85 ഓളം സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തന രഹിതമായി കിടക്കുകയാണെന്നും എത്രയും വേഗം അവ പരിഹരിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം അടക്കം മാർച്ച് 20 നകം ഹാജരാക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ കെൽട്രോണിൽ നിന്നും യാതോരു നടപടിയും നാളിതുവരേയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

ഇത്തരത്തിൽ സ്ഥാപിച്ച് അധികം വൈകാതെ തന്നെ പകുതിയോളം ലൈറ്റുകളും പ്രവർത്തന രഹിതമായതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാത്ത അവസ്ഥയിലാണ്. കെൽട്രോണുമായി 23/3/2019 ൽ കരാർ ഒപ്പിട്ടിട്ടും (2 വർഷ വാറണ്ടി) കേടായ സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല എന്ന് കാണുന്നു.

29/02/2020 ൽ സെക്രട്ടറി കെൽട്രാൺ മാനേജർക്ക് അയച്ച എ1.400/2020 നമ്പർ കത്ത് പ്രകാരം 85 ഓളം സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തന രഹിതമാണ്. അതായത് ഇതിനായി ചെലവഴിച്ച 340000/- രൂപ (4000 X 85) യാതൊരു ഗുണവും ലഭിക്കാതെ നഷ്ടപ്പെട്ട അവസ്ഥയിലാണ്. മേൽ വിഷയം സംബന്ധിച്ച തുടർ നടപടി വിവരം, നിലവിൽ പ്രവർത്തിക്കുന്ന ലൈറ്റുകളുടെ വിവരം എന്നിവ വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20, 14/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. കേടായ ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം നിലവിലെ സ്ഥിതി എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-25 എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലെ അസസ് മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1841 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1428 |
| | 2 | 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 254 |
| | 3 | 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 1 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 56 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 2 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 42 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 11 |
| IV | 1 | വ്യവസായം- ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 26 |
| | 2 | ഇതര വ്യവസായം | 21 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ 485 എണ്ണം മാത്രമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-26 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല.

തൻ വർഷം ഇ -ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ -ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 9 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 37,310 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

1-27 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 5 റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി 2019-20 വർഷം ഈടാക്കിയിട്ടില്ല.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാറുകാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. സന്തോഷ് കുമാർ
2. വാസുദേവ ഹൊള്ള
3. മുഹമ്മദ് ഹബീബ്
4. മുഹമ്മദ് യാസർ
5. സുകുമാരൻ എം. കെ.
6. സി. എം. അബ്ദുള്ള കുഞ്ഞി
7. എ. അബ്ദുള്ള
8. ബി. എം. അബ്ദുള്ള
9. രാജേഷ് പി നായിക്ക്
10. റിയാസ്
11. മുഹമ്മദ് ഉനൈസ്
12. കെ. അബ്ദുള്ള കുഞ്ഞി ഹാജി
13. സതീഷ ഷെട്ടി
14. എ. ആമു
15. സഫുറാൻ സി.
16. സോമയ്യ പി.
17. അബ്ദുള്ള കുഞ്ഞി പി.

18. അബ്ദുൾ റഹിമാൻ സി.
19. രാധാകൃഷ്ണൻ എ.
20. മുഹമ്മദ് കുഞ്ഞി എ.
21. സി. എം. ഗഫൂർ
22. കെ. അബ്ദുള്ള കുഞ്ഞി
23. അബ്ദു ഷഹീദ് ബി. എ.
24. ഇല്യാസ് പി. എ.
25. ടി. എ. മുഹമ്മദ്
26. ഉമാനാഥൻ പി. കെ.
27 എം. എ. അബ്ബാസ് വഷി

1-29 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ലൈസൻസ് ഫീസ് ഈടാക്കാത്തത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-30 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200 (2) പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപ നികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 14,36,560 |
| പൊതു ടാപ്പ് (Code No 230110102) | 2,61,260 |
| ആകെ | 16,97,820 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നു.

1-31 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2019-20 ൽ 14,36,560/- രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമ പഞ്ചായത്തും നാളിതു വരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി നാളിതു വരെയും ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി എത്രയും പെട്ടെന്ന് രൂപീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 25 /14.03.2022 ).

## 1-33 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി

2019-20 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുകയുണ്ടായി. 2019-20 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ 2019-20 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ.ഉ (എം.എസ്) 483/17/ധന/06-11-17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിങ്ങ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്ത പ്രകാരം തുടർന്നും പെൻഷൻ തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | ആധാർ | പെൻഷൻനർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1. | സുന്ദരി | 675018554271 | 111940100240 | 30.03.20202 | 2022 ജനുവരി, ഫെബ്രുവരി | 1600x2<br>3200 |
| 2. | കമല | 269786696859 | 111940200343 | 23.02.2020 | 2020 മാർച്ച് മുതൽ 2021 മാർച്ച് വരെ | 1500x 13<br>19500 |
| | | | | | 2021 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി വരെ | 1600 X 11<br>17600 |

| | | | | | | |
|---|---|---|---|---|---|---|
| 3. | റുഖിയാബി | 698216629546 | 111940202529 | 10.02.2020 | 2020 മാർച്ച്, ഏപ്രിൽ | 1220x2 2440 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1300x4 5200 |
| | | | | | 2020 സെപ്തംബർ മുതൽ 2020 ഡിസംബർ വരെ | 1400x4 5600 |
| | | | | | 2021 ജനവരി മുതൽ 2021 മാർച്ച് വരെ | 1500x3 4500 |
| | | | | | 2021 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി വരെ | 1600x11 17600 |
| 4. | പാർവ്വതി സി | 815543681829 | 111940201533 | 11.03.2020 | 2020 ഏപ്രിൽ | 1220 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1300x4 5200 |
| | | | | | 2020 സെപ്തംബർ മുതൽ 2020 ഡിസംബർ വരെ | 1400x4 5600 |
| | | | | | 2021 ജനവരി മുതൽ 2021 മാർച്ച് വരെ | 1500x3 4500 |
| | | | | | 2021 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി വരെ | 1600x11 17600 |
| 5. | മീനാക്ഷി | 590761547344 | 111940200470 | 14.06.2020 | 2020 ജൂലൈ മുതൽ 2021 മാർച്ച് വരെ | 1500x9 4500 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ആഗസ്റ്റ് വരെ , ജനവരി 2022 | 1600x6 8000 |
| 6. | ചന്ദ്രാവതി | 948969912245 | 111940202678 | 11.05.2020 | 2021 ഡിസംബർ മുതൽ 2022 ഫെബ്രുവരി വരെ | 1600x3 4800 |
| 7. | മറിയുമ്മ | 869773684027 | 111940200937 | 29.03.2020 | 2020 ഏപ്രിൽ | 1220 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1300x4 5200 |
| | | | | | 2020 സെപ്തംബർ മുതൽ 2020 ഡിസംബർ വരെ | 1400x4 5600 |
| | | | | | 2021 ജനവരി | 1500 |
| | | | | | 2022 ഫെബ്രുവരി | 1600 |
| 8. | ദൈനബി | 398953744096 | 111940600211 | 08.03.2020 | 2020 ഏപ്രിൽ | 1220 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1300x4 5200 |
| | | | | | 2020 സെപ്തംബർ മുതൽ 2020 ഡിസംബർ വരെ | 1400x4 5600 |

| | | |
|---|---|---|
| | 2021 ജനവരി മുതൽ 2021 മാർച്ച് വരെ | 1500x3<br>4500 |
| | 2021 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി വരെ | 1600x6<br>9600 |
| | ആകെ | 1,68,300 |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 1,68,300/-രൂപ തിരികെ ഈടാക്കി ഡിബിടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.27/19-20 തീയതി 15-03-2022 ന് മറുപടി നല്കിയിട്ടില്ല.

## 1-34 മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല

2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ താഴെ പറയുന്ന പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രോജക്ട് നം. | അടങ്കൽ തുക | ചെലവു തുക |
|---|---|---|---|---|
| 1. | തെങ്ങു കൃഷിക്ക് ജൈവവളം | നം.0013/20 | 16,14,736 | 14,14,946 |
| 2. | പച്ചക്കറി കൃഷിക്ക് വിത്ത്,കൂലിചെലവ് വിതരണം | 0014/20 | 3,50,000 | 3,50,000 |
| 3. | പച്ചക്കറി ടെറസ്സ് ഗ്രോബാഗ് വിതരണം | 0017/20 | 2,00,000 | 2,00,000 |

| | | | | |
|---|---|---|---|---|
| 4. | നെൽകൃഷിക്ക് വിത്ത് കൂലി ചെലവ് | 0018/20 | 6,95,800 | 6,95,800 |
| 5. | കവുങ്ങ്കൃഷിക്ക് തുരിശ്,ജൈവവള വിതരണം | 0112/20 | 16,56,100 | 15,79,956 |
| 6. | വനിതകൾക്ക് ഗ്രോബാഗ് | 256/20 | 4,00,000 | 4,00,000 |

നിർവഹണം നടത്തിയ പ്രസ്തുത പദ്ധതികളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-35 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത് ആക്ഷൻ പ്ലാൻ പ്രകാരമല്ല

അസിസ്റ്റന്റ് സെക്രട്ടറി ചാർജ് ഓഫീസറായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാസറഗോഡ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ അംഗീകരിച്ചിരുന്നു. 2019-2020 സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം 1016 പ്രവൃത്തികളിലായി 57941 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 21,46,43,292/- രൂപ ചെലവഴിക്കാനാണ് (സാധന ഘടകം 85,85,73,17/- രൂപ, വേതന ഘടകം 12,87,85,975/- രൂപ, ആകെ 21,46,43,292/- രൂപ) ഉദ്ദേശിച്ചിരുന്നത്. എന്നാൽ യഥാർത്ഥ ചെലവ് 17,22,35,53 രൂപ മാത്രമാണ്. ആക്ഷൻ പ്ലാൻ അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-36 ഹഡ്കോ ലോൺ നേരിട്ട് നല്കിയത്.യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

ലൈഫ് ഭവനനിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട ഹഡ്കോ ലോൺ 119007/24-07-2019 ലെ വി.ഇ.ഒ യുടെ റിക്വസിഷൻ പ്രകാരം 8,40,000 രൂപ 08 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കും 119009/ 24-07-2019 ലെ വി.ഇ.ഒ യുടെ റിക്വസിഷൻ പ്രകാരം 36,00,000 രൂപ 77 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (പ്രോജക്റ്റ് നമ്പർ 262/19-20)എന്നാൽ ഗുണഭോക്താക്കൾക്ക് തുക ലഭിച്ചതായുള്ള യു.ടി.ആർ. സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 44,40,000/- രൂപ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി 29/16-03-2022ന് മറുപടി ലഭ്യമാക്കിയില്ല.)

### 1-37 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച.

ഗ്രാമ പഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | 0012/2019-20 പെയിൻ &പാലിയേറ്റീവ് പരിചരണ പദ്ധതി. |
| അടങ്കൽ | 10,00,000/- |
| ഫണ്ട്- അടങ്കൽ - | വികസന ഫണ്ട്- 6,00,000<br>ബ്ലോക്ക് പഞ്ചായത്ത് -2,00,000<br>തനത് ഫണ്ട്-1,00,000<br>ജില്ലാ പഞ്ചായത്ത് - 1,00,000 |
| ചെലവ് | 6,81,470/-രൂപ<br>വികസന ഫണ്ട്- 4,60,235<br>തനത് ഫണ്ട്-72,970 |

| | |
|---|---|
| | ബ്ലോക്ക് പഞ്ചായത്ത് -1,48,265 |

1.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(A) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർ സെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസ യോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(B) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1 കാണുക) എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി. ഫണ്ടിൽ നിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹന ചെലവുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/ തസ്വഭവ.തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്കെടുത്തതുമായി ബന്ധപ്പെട്ട ക്ഷണിച്ച ക്വട്ടേഷൻ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

(A) പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(B)പാലിയേറ്റീവ് നേഴ്സിന്റെ അറ്റന്റൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

II). പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 1,58,970 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു,

| പ്രോജക്ട് നം | ബിൽ നം /ചെക്ക് നം- തുക | റിമാർക്സ് |
|---|---|---|
| 0012/2019-20 പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി. | 23,970 രൂപ (ബിൽ നം 23/27-02-2020) | 23,970 രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |
| 0035/2019-20 പുളിക്കർ പട്ടിക വർഗ്ഗ കോളനി മെഡിക്കൽ ക്യാമ്പ് | 35000 രൂപ (ബിൽ നം 15/07-03-2020) | 35,000രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |
| 0027/2019-20 പി.എച്ച്.സി - യിലേക്ക് മരുന്ന് വാങ്ങൽ | 93,584 രൂപ (ബിൽ നം16/07-02-2020)<br>6,416 രൂപ (ബിൽ നം17/07-02-2020) | 1,00,000രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ (ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-38 അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ കൈമാറിയ തുകയിൽ കുറവ്

അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ 2019-20 വർഷം വികസന ഫണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് കൈമാറേണ്ട തുക സംബന്ധിച്ച് വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട് (വർക്കർമാർക്ക് 2200 രൂപ വീതവും, സഹായികൾക്ക് 1450 രൂപ വീതവും പ്രകാരം 27 അങ്കണവാടികൾക്കായി ആകെ 11,82,600 രൂപ ). പ്രസ്തുത തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ വികസന ഫണ്ടിൽ നിന്നും ബന്ധപ്പെട്ട കണക്ക് ശീർഷകങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരുന്നു. (സ.ഉ.(സാധ) നം.2772/19 ധന തി. 3.4.2019 ₹3,94,200 സ.ഉ.(സാധ) നം.6105/19 ധന തി. 01.8.2019 -₹3,94,200, & സ.ഉ.(സാധ) നം.10050/19 ധന തി.21.12.2019 – ₹3,94,200,)

എന്നാൽ മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പ്രൊജക്ട് നം 0295/ 2019-20 പ്രകാരം (അടങ്കൽ 7,88,400 വി.ഫണ്ട് & തനത് ഫണ്ട് ) വികസന ഫണ്ടിൽ നിന്നും 5,25,000/- രൂപയും തനത് ഫണ്ടിൽ നിന്നും 2,63,400/- രൂപയും ഉൾപ്പടെ 7,88,400/- രൂപ മാത്രമാണ് തൻവർഷം സർക്കാരിലേയ്ക്ക് കൈമാറിയിട്ടുള്ളത്. (3,94,200 രൂപ കുറവ്). സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാത്തത് മൂലം അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ 2019-20 വർഷം സർക്കാരിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയിൽ കുറവ് വന്ന തുക (3,94,200 ) തുടർ വർഷം ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ

വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ട് അലോക്കേഷനിൽ നിന്നും അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ സർക്കാർ കണക്കാക്കിയ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിർദ്ദേശം പൂർണ്ണമായി പാലിക്കാത്തത് ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 30/ 16.03.2022)

## 1-39 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായ നികുതി- നിരക്കിൽ കുറവ്- കേന്ദ്ര സർക്കാരിന് നഷ്ടം

ആദായ നികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം വ്യക്തികൾക്കോ ഹിന്ദു അവിഭക്ത കുടുംബങ്ങൾക്കോ അല്ലാതെ നടത്തുന്ന എല്ലാ പേമെന്റുകളിൽ നിന്നും 2% തുക ആദായ നികുതിയിനത്തിൽ കുറവ് ചെയ്ത് അടക്കാൻ പേമെന്റ് നടത്തുന്നയാൾ ബാദ്ധ്യസ്ഥനാണ്. എന്നാൽ മധൂർ ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ മഹാത്മ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പേമെന്റ് നടത്തിയപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ ആദായ നികുതിയിനത്തിൽ കുറവ് ചെയ്തത് 1% തുക മാത്രമാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്, ചെലവ് വിവരം | പേമെന്റ് നടത്തിയ വൗച്ചർ നം, തിയതി, തുക | ആകെ പ്രവൃത്തി മൂല്യം | ആദായ നികുതി- കുറവ് ചെയ്ത തുക @1% | ആദായ നികുതി -കുറവ് വരുത്തേണ്ട തുക @2% | കുറവ് |
|---|---|---|---|---|---|
| 0208/19-20 വോർക്കത്തൊട്ടി റോഡ് റീ ടാറിംഗ് | 26/07-08-2019 2,95,288 | 2,98,271 | 2983 | 5965 | 2982 |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.31, തിയതി 16-03-2022 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം ഈ പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-40 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവഹണം -അസിസ്റ്റന്റ് എഞ്ചിനീയർ-

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| 1 | 0149/2019-20 മന്നിപ്പാടി കമ്യൂണിറ്റി ഹാൾ നിർമാണത്തിൻ മണ്ണ് പരിശോധന ചാർജ് നൽകുന്നതിനായി.<br>എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പൊവ്വൽ – കാസർഗോഡ് | 1,00,000 തനത് ഫണ്ട് | 29/ 23-10-2019 |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം. 32, തിയതി 16-03-2022 മുഖേന വിശദീകരണങ്ങൾ ആരാഞ്ഞെങ്കിലും മറുപടി നൽകിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

### 1-41 പ്രവൃത്തി പൂർത്തികരിച്ച് ഉപയോഗ ശൂന്യമായി കിടക്കുന്ന പദ്ധതി

പ്രോജക്റ്റ് നമ്പർ-0243/19-20

പ്രോജക്റ്റ്- പ്ലാസ്റ്ററിംഗ് ഷ്രഡിംഗ് മെഷീൻ കെട്ടിട നിർമ്മാണം.

അടങ്കൽ-4,80,547 രൂപ

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട്- വികസനഫണ്ട് ജനറൽ

ചെലവഴിച്ച തുക-₹ 4,60,591

ബിൽ-59/19-20/31-01-2020

പ്രസ്തുതസ്ഥലം പരിശോധന നടത്തിയതിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കെട്ടിടങ്ങളും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും പ്ലാസ്റ്ററിംഗ് ഷ്രഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. കെട്ടിടങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. ആയതിനാൾ 4,60,591 രൂപ ചെലവഴിച്ച് പണിതീർത്ത കെട്ടിടങ്ങൾ പാഴായി കിടക്കുന്നത് ശരിയായ നടപടിയല്ല. ഇത്രയും തുക ചെലവഴിച്ചിട്ടും കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 10-03-2022 & 11-03-2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് &നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 85,000 | 0014/20 പച്ചക്കറി കൃഷിക്ക് കൂലി ചിലവ് | 85,000 | 0 |
| | | 2,00,000 | 0012/20 പാലിയേറ്റീവ് കെയർ | 1,48,265 | 51,735 |
| | | 15,93,000 | 0262/20 ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) ധനസഹായം | 15,93,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 2,85,580 | 0021/20 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,85,580 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,97,500 | 0018/20 നെൽ കൃഷിക്ക് കൂലി ചിലവ് ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 2,97,500 | 0 |
| | | 39,73,400 | 0262/20 ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) ധനസഹായം | 37,97,658 | 1,75,742 |
| | | 2,85,580 | 0021/20 ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 2,85,580 | 0 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് കാസറഗോഡ് | 0271/19-20 പഞ്ചായത്തിലെ വിവിധ ബോർ വെല്ലുകൾ റിപ്പയർ | 0728262/ 04-01-2020 | 2,00,000 | 1,28,141 | 71,859 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018 തസ്വഭവ. തി.18-5-2018 &ജി.ഒ (MS) നം 111/2018 തസ്വഭവ. തി.13-8-2018 | 1,99,78,242 | 1,49,68,201 + 47,60,165 (ഈ വർഷം ലഭിച്ചത്) ആകെ = 1,97,28,366 | 8,16,342 | 1,89,12,024 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | തുടരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | തുടരുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | തുടരുന്നു |

4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക –

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക –

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,78,30,577 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,52,34,498 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2982 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,40,000 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 44,40,000 | മകേഷ്.വി.എം. ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-40 | 1,00,000 | ആർ.ജിഷി.,അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 45,40,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 2982 | ആർ.ജിഷി., അസിസ്റ്റന്റ് എഞ്ചിനിയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ.ജിഷി<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>കായംകുളം ,ആലപ്പുഴ -നഗരസഭ<br>690502 | ജനനി നഗർ<br>കുട്ടിക്കട (പി.ഒ.)<br>കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ടിന്മേൽ ഈ ഓഫീസിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 1997 - 1998 | KSA-KSD6-906/18(1), Dated 27.5.2019 | 6 |
| 1998 - 1999 | KSA-KSD6-906/18(2), Dated 27.5.2019 | 6 |
| 1999-00 | KSA-KSD6-75/19(1), Dated 27.5.2019 | 16 |
| 2000 – 2001(Plan) | KSA-KSD6-75/19(3), Dated 27.5.2019 | 7 |
| 2001-02 (Plan) | KSA-KSD4-436/18, Dated 11.05.2018 | 2 |
| 2002 – 2003 | KSA-KSD4-436/18, Dated 11.05.2018 | 2 |
| 2003 - 2004 | KSA-KSD4-436/18, Dated 11.05.2018 | 10 |
| 2004-2005 | KSA-KSD4-436/18, Dated 11.05.2018 | 4 |
| 2006- 2007 | KSA-KSD6-74/19(2), Dated 27.5.2019 | 4 |
| 2007-2008 | KSA-KSD4-436/18, Dated 11.05.2018 | 12 |
| 2008-09, 2009-10, 2010-11 | KSA-KSD4-436/18, Dated 11.05.2018 | 16 |
| 2011-12 | KSA-KSD4-436/18, Dated 11.05.2018 | 22 |
| 2012-13, 2013-14 | KSA-KSD4-436/18, Dated 11.05.2018 | 22 |
| 2014-15 | KSA-KSD4-436/18, Dated 11.05.2018 | 23 |
| 2015-16 | KSA-KSD4-436/18, Dated 11.05.2018 | 13 |
| 2016-17 | KSA-KSD4-436/18, Dated 11.05.2018 | 14 |
| 2017-18 | KSA-KSD4-101/19, Dated 24.04.2019 | 14 |
| 2018-19 | KSA-KSD6/187/2020 Dated 03-03-2020 | 17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Madhur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9634425.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 131010.00 |
| 140000000 | Fee & User Charges | I-4(b) | 1052475.00 |
| 150000000 | Sale & Hire Charges | I-5(b) | 304111.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 93763505.00 |
| 171000000 | Interest Earned | I-8 | 176548.00 |
| 180000000 | Other Income | I-9 | 123030.00 |
| | Total Income | | 105185104.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11068744.00 |
| 220000000 | Administrative Expenses | I-11(b) | 1602708.00 |
| 230000000 | Operations & Maintenance | I-12(b) | 3198336.00 |
| 240000000 | Interest & Finance Charges | I-13 | 727.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7244946.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 39705443.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 813417.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1407274.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 26185957.00 |
| 255000000 | Maintenance Projects | I-14(e) | 8518941.00 |
| | Total Expenditure | | 99746493.00 |
| | Gross Surplus/ Deficit of income over Expenditure | | 5438611.00 |
| 280000000 | Prior Period Item | I-18 | -15061493.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 20500104.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കാസറഗോഡ്.

## അനുബന്ധം-4

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| |
|---|
| Madhur Grama Panchayat<br>RECEIPT & PAYMENT STATEMENT |

| For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12100471.20 |
| Cash | Cash | RP-40(a) | 131213.00 |
| 110000000 | Tax Revenue | RP-1 | 3104106.00 |
| 130000000 | Rental income from Panchayat Properties | RP-3 | 14300.00 |
| 140000000 | Fees & User Charges | RP-4 | 880775.00 |
| 150000000 | Sale & Hire Charges | RP-5 | 300111.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53187726.00 |
| 171000000 | Interest Earned | RP-9 | 176548.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7217731.00 |
| 350000000 | Other Liabilities | RP-36 | 292805.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 10605.00 |
| 330000000 | Secured Loans | RP-32 | 4760165.00 |
| 340000000 | Deposits Received | RP-34 | 153619.00 |
| 350000000 | Other Liabilities | RP-36 | 483721.00 |
| 410000000 | Fixed Assets | RP-38 | 45524.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7202741.00 |
| 460000000 | Loans, Advances and Deposits | RP-47 | 100.00 |
| | Grand total | | 90062261.20 |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3494150.00 |
| 220000000 | Administrative Expenses | RP-12 | 1602708.00 |
| 230000000 | Operations & Maintenance | RP-13 | 3185954.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6238996.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27356400.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 813417.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1407274.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1380457.00 |
| 255000000 | Maintenance Projects | RP-20 | 8518941.00 |
| 280000000 | Prior Period item | RP-26 | -3981.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 105708.00 |
| 350000000 | Other Liabilities | RP-36 | 5911584.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 727.00 |
| 340000000 | Deposits Received | RP-34 | 108101.00 |
| 350000000 | Other Liabilities | RP-36 | 1511491.00 |
| 410000000 | Fixed Assets | RP-38 | 11566291.00 |
| 412000000 | Capital work in Progress | RP-40 | 736129.00 |
| 460000000 | Loans, Advances and Deposits | RP-47 | 1300151.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14827763.20 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കാസറഗോഡ്.

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

Madhur Grama Panchayath

BALANCE SHEET

As on 31-March-2020

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | LIABILITIES<br>Reserve& Surplus<br>Muncipal (General) Fund [Code No 310] | B-1 | 13445494.29 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 53829203.00 |
| | *Total Reserve& Surplus* | | 67274697.29 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 5311432.00 |
| | *Total Grants,Contributions for specific purposes* | | 5311432.00 |
| 330000000 | Loans<br>Secured Loans | B-5 | 18912024.00 |
| | *Total Loans* | | 18912024.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 351193.00 |
| 350000000 | Other Liabilities | B-9 | 2030557.11 |
| | *Total Current Liabilities and Provisions* | | 2381750.11 |
| 432000000 | TOTALLIABILITIES<br>ASSETS<br>Current Liabilities and Provisions<br>Accumulated Provisions Against Debtors (Receivables) | B-15(a) | 93879903.40<br>(43946.00) |
| | *Total Current Liabilities and Provisions* | | (43946.00) |
| 410000000 | Fixed Assets<br>Fixed Assets | B-11 | 109306048.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | (51232813.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | *Total Fixed Assets* | | 58073235.00 |
| | Investments | | |
| 420000000 | Investments | B-12 | 0.00 |
| | *Total Investments* | | 0.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 83155.00 |
| 431000000 | Sundry Debtors (Receivables) | B-15 | 493898.20 |
| 440000000 | Pre-paid Expenses | B-16 | 18912024.00 |
| 450000000 | Cash and Bank balance | B-17 | 14827763.20 |
| 460000000 | Loans, Advances and Deposits | B-18 | 1533774.00 |
| | *Total Current Assets,Loans and Advances* | | 35850614.40 |
| | TOTAL ASSETS | | 93879903.40 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കാസറഗോഡ്.